"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി - കോഴിക്കോട് ജില്ലയിലെ ഇരഞ്ഞിക്കൽ മുതൽ കോരപ്പുഴ വരെ (ചെ. 412.82 കി.മീ മുതൽ 418.32 കി.മീ വരെ) ജലപാത പുനരുദ്ധാരണ പ്രവൃത്തി- ശ്രീ.പി.എം.ലത്തീഫ്, മാനേജിംഗ് ഡയറക്ടർ, മിനാർടെക് ഡവലപ്പേഴ്സ് പ്രൈ. ലി. ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)No.47856/2025 കേസിലെ 29/01/2026 - ലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.22/2026/CSIND തീയതി,തിരുവനന്തപുരം, 06-04-2026

---

പരാമർശം:-

1. സ.ഉ.(സാധാ.) നം.8/2024/സി.എസ്.ഐ.എൻ.ഡി, തീയതി 07/03/2024.
2. സർക്കാർ കത്ത് നം.എ2/77/2025/സി.എസ്.ഐ.എൻ.ഡി. തീയതി 20/09/2025.
3. മാനേജിംഗ് ഡയറക്ടർ, മിനാർടെക് ഡവലപ്പേഴ്സ് പ്രൈ. ലി. സി.എസ്.ഐ.എൻ വകുപ്പ് അഡീ.ചീഫ് സെക്രട്ടറിക്ക് നല്കിയ 20/11/2025- ലെ 18/MD/INDT/-2020 നമ്പർ കത്ത്.
4. ബഹു.ഹൈക്കോടതിയിലെ റിട്ട് പെറ്റീഷൻ (സി) നം.47856/2025- ലെ 29/01/2026 തീയതിയിലെ വിധിന്യായം.
5. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 09/03/2026 - ലെ WP (C) No. 47856/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ ഇരഞ്ഞിക്കൽ മുതൽ കോരപ്പുഴ വരെ (ചെ.412.82 കി.മീ മുതൽ 418.32 കി.മീ വരെ) ജലപാത പുനരുദ്ധാരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മാനേജിംഗ് ഡയറക്ടർ, മിനാർടെക് ഡവലപ്പേഴ്സ് പ്രൈവറ്റ് ലി. ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സി) നം. 47856/2025 കേസിലെ പരാമർശം (4) പ്രകാരമുള്ള വിധിയിൽ മിനാർടെക് മാനേജിംഗ് ഡയറക്ടറുടെ 20/11/2025—ലെ ഹർജി (Exhibit.P7) ഒന്നാം എതിർകക്ഷി ആയ വകുപ്പ് സെക്രട്ടറി പരിഗണിക്കണമെന്നും, ഹർജി കക്ഷിയെ നേരിൽ കേട്ട ശേഷം ഉചിതമായ തീരുമാനം വിധിപ്പകർപ്പ് ലഭിച്ച് 3 മാസത്തിനുള്ളിൽ എടുക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത റിട്ട് പെറ്റീഷൻ ബഹു.ഹൈക്കോടതി തീർപ്പാക്കിയിരുന്നു. പ്രസ്തുത ജലപാത പുനരുദ്ധാരണ പ്രവൃത്തിയിൽ നിന്നും കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്ത നടപടി റദ്ദാക്കി കരാർ പുതുക്കി നൽകണമെന്നും, ചെയ്ത പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തി ബില്ല് പാസാക്കി നല്കണമെന്നും, ഒറിജിനൽ കരാർ തുകയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്ന തരത്തിൽ കരാർ കാലാവധി നീട്ടി നല്കണമെന്നുമാണ് മാനേജിംഗ് ഡയറക്ടർ, മിനാർടെക് ഡവലപ്പേഴ്സ് പ്രൈവറ്റ് ലി. പരാമർ ശം (3) കത്ത് (Exhibit.P7) പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്.

2. കോഴിക്കോട് ജില്ലയിലെ ഇരഞ്ഞിക്കൽ മുതൽ കോരപ്പുഴ വരെ (ചെ.412.82 കി.മീ മുതൽ 418.32 കി.മീ വരെ) ജലപാത പുനരുദ്ധാരണ പ്രവൃത്തിയ്ക്കായി ഹർജിക്കാരനായ മിനാർടെക് മാനേജിംഗ് ഡയറക്ടർ ഇൻലാന്റ് നാവിഗേഷൻ വകുപ്പ് ഡയറക്ടറുമായി 29.05.2020ൽ 365 ദിവസ കാലാവധിയിൽ കരാർ ഒപ്പ വച്ചിരുന്നതും, 05/06/2020—ൽ പ്രവൃത്തി സ്ഥലം കൈമാറി നല്കിയത് പ്രകാരം 04/06/2021—ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നതുമായിരുന്നു. പ്രവൃത്തി പൂർത്തിയാക്കണമെന്ന് നിരവധി തവണ ആവശ്യപ്പെടുകയും, കരാർ കാലാവധി ഘട്ടം ഘട്ടമായി 03.03.2022 വരെ ദീർഘിപ്പിച്ചു നല്കുകയും ചെയ്തിട്ടും പ്രവൃത്തി പൂർത്തിയാക്കാത്ത സാഹചര്യത്തിൽഇൻലാന്റ് നാവിഗേഷൻ വകുപ്പ് ഡയറക്ടർ 14.07.2022ൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്തെങ്കിലും ചീഫ് എഞ്ചിനീയർക്ക് കരാറുകാരൻ നല്കിയ അപേക്ഷയുടെയും അതോടൊപ്പം സമർപ്പിച്ച പുതുക്കിയ വർക്ക് പ്ലാനിന്റെയും അടിസ്ഥാനത്തിൽ ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ 20.08.2022 ലെ ഉത്തരവ് പ്രകാരം കരാർ പുനഃസ്ഥാപിച്ച് നല്കിയിരുന്നു. 30.01.2023 വരെ കാലാവധി നിശ്ചയിച്ച് നല്കിയെങ്കിലും ഉപകരാറിലേർപ്പെടുന്നതിനോ പ്രവൃത്തി പൂർത്തിയാക്കുന്നതിനോ കരാറുകാരൻ നടപടി സ്വീകരിക്കാതിരുന്നതിനെത്തുടർന്ന് ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടർ 22/05/2023-ലെ ഡി2-3105/DIR/INDT/2016 നമ്പർ ഉത്തരവ് പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയുണ്ടായി. തുടർന്ന് കരാറുകാരൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സി) നം. 21142/2023 നമ്പർ കേസിലെ 03.07.2023 ലെ വിധിയുടെ അടിസ്ഥാനത്തിൽ കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് സെക്രട്ടറി ഹർജിക്കാരനെ നേരിൽ കേട്ട ശേഷം പ്രവൃത്തി കാലാവധി ഉപാധികളോടെ നീട്ടി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. 01/04/2024 -ലെ എഗ്രിമെന്റ് പ്രകാരം 31/05/2025- വരെ പൂർത്തീകരണ കാലാവധി അനുവദിച്ചുകൊണ്ട് പുനരാരംഭിച്ചിരുന്ന പ്രവൃത്തിയിൽ പൂർത്തീകരണ കാലാവധിയായ 31/05/2025 കഴിഞ്ഞിട്ടും പ്രോഗ്രാം ചാർട്ട് പ്രകാരമുള്ള പുരോഗതി കൈവരിക്കാൻ കരാറുകാരന് കഴിയാത്ത സാഹചര്യത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടർ 15/07/2025 - ൽ ഡി2 - 3105/ഡി.ഐ.ആർ/ഐ.എൻ.ഡി.റ്റി/2016 നമ്പർ ഉത്തരവ് പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദ് ചെയ്യുകയുണ്ടായി. കരാർ റദ്ദ് ചെയ്ത നടപടി പുനഃപരിശോധിച്ച് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31/05/2025 മുതൽ 30/04/2026 വരെ പിഴയില്ലാതെ ദീർഘിപ്പിച്ച് നല്കണമെന്നാവശ്യപ്പെട്ട് കരാറുകാരൻ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 21/07/2025- ലെ ഹർജി പരിശോധിക്കുകയും 30.07.2024 ൽ നിർത്തിവച്ച പ്രവൃത്തി പുനരാരംഭിക്കുവാൻ കരാറുകാരന് സാധിച്ചിട്ടില്ലെന്നും, പ്രവൃത്തി ഏറ്റെടുത്ത് 5 വർഷം കഴിഞ്ഞിട്ടും കാര്യമായ പുരോഗതി ഇല്ലെന്നും, കാലാവധി നീട്ടി നല്കുന്ന പക്ഷം പ്രവൃത്തി അനന്തമായി നീണ്ടുപോകുവാൻ സാധ്യത ഏറെയാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഹർജിയിലെ ആവശ്യം പരിഗണിക്കാനാവില്ല എന്ന് പരാമർശം (2) കത്ത് പ്രകാരം കരാറുകാരനെ അറിയിച്ചിരുന്നതുമാണ്. തുടർന്ന് റിട്ട് ഹർജി (സി) നം. 47856/2025 -യിൽ Exhbt. P7 ആയി പരാമർശിച്ചിട്ടുള്ള 20/11/2025 തീയതി രേഖപ്പെടുത്തിയ അപേക്ഷ 20/12/2025 ൽ ലഭ്യമായിട്ടുള്ളതും, റിട്ട് ഹർജിയിലെ വിധിപകർപ്പ് ഹർജി കക്ഷിയുടെ 19/02/2026 ലെ കത്ത് പ്രകാരം 23/02/2026 ൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

3. ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരനെയും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറെയും 12/03/2026-ന് സി.എസ്.ഐ.എൻ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. അഭിഭാഷകൻ സഹിതം

ഹാജരായ ഹർജിക്കാരൻ ഹർജിയിലെ ആവശ്യങ്ങൾ ആവർത്തിക്കുകയുണ്ടായി.

**ഹർജിയിലെ ആക്ഷേപങ്ങളും ആവശ്യങ്ങളും അതിന്മേൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നല്കിയ പ്രതിവാദങ്ങളും**

| ഹർജിക്കാരന്റെ ആക്ഷേപങ്ങളും ആവശ്യങ്ങളും | ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ മറുപടി |
|---|---|
| PAC തുക 5.50 കോടി രൂപ വന്നിട്ടുള്ള പ്രവൃത്തിയിൽ നാളിതുവരെ Rs. 3,45,81,283.36/- (മൂന്നു കോടി നാല്പത്തി അഞ്ചു ലക്ഷത്തി എൺപത്തി ഒന്നായിരത്തി ഇരുനൂറ്റി എൺപത്തി മൂന്ന് രൂപ മുപ്പത്തി ആറു പൈസ) യുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്. ലഭ്യമായ Rs. 47,81,283.36/-(നാല്പത്തി ഏഴു ലക്ഷത്തി എൺപത്തി ഒന്നായിരത്തി ഇരുനൂറ്റി എൺപത്തി മൂന്ന് രൂപ മുപ്പത്തി ആറ് പൈസ) കഴിച്ച് ബാക്കി Rs. 2,98,00,000/- (രണ്ടു കോടി തൊണ്ണൂറ്റി എട്ട് ലക്ഷം ) രൂപ ലഭ്യമാക്കണം. | Agreed PAC തുക 5,52,14,054 രൂപ ആയ പ്രവൃത്തിയുടെ 20% ജോലി മാത്രമേ കരാറുകാരൻ നിലവിൽ പൂർത്തിയാക്കിയിട്ടുള്ളൂ. ആയതിനാൽ 3.45 കോടി രൂപയുടെ പ്രവൃത്തി നിർവ്വഹിച്ചെന്ന വാദം ശരിയല്ല. 2 4 0 കോൺക്രീറ്റ് പൈലുകൾ ഉള്ളതിൽ 118 എണ്ണം മാത്രം കാസ്റ്റ് ചെയ്യുകയും 50 എണ്ണം മാത്രം സ്ഥാപിക്കുകയുമാണ് ചെയ്തിട്ടുള്ളത്. കരാറിലെ പ്രധാന ഇനം ഡ്രെഡ്ജിംഗ് ആണ്. നിലവിൽ പൂർത്തീകരിച്ചിട്ടുള്ള ജോലികൾ ക്കായി 1st partbill പ്രകാരം 47,81,283/- രൂപ 24.01.2025-ൽ കരാറുകാരന് നൽകിയിട്ടുണ്ട്. |
| പ്രവൃത്തി നടപ്പാക്കുന്ന ഇരഞ്ഞിക്കൽ കോരപ്പുഴയിൽ പുഴക്ക് കുറുകെ പെരുന്തുരുത്തി Steel Bridge, വാട്ടർ അതോറിറ്റിയുടെ കുടിവെള്ള ലൈൻ എന്നിവ ഉള്ളതിനാൽ പാലത്തിന്റെ അടിയിൽ കൂടി ഡംബിംഗ് ബാർജ്, എക്സവേറ്ററുകൾ, മറ്റ് ഉപകരണങ്ങൾ കടന്ന് പോവാൻ സാധിക്കില്ല പ്രസ്തുത പ്രവൃത്തി തുടങ്ങി നാളിതുവരെ ആയിട്ടും Bridge ഉയരം കൂട്ടുവാനോ, നീക്കം ചെയ്യുവാനോ ഡിപ്പാർട്ട്മെന്റിന് സാധ്യമായിട്ടില്ല. അഴിമുഖത്ത് അടിഞ്ഞിരിക്കുന്ന മണ്ണ് നീക്കം ചെയ്യുന്നതിന് ഇറിഗേഷൻ കോഴിക്കോട് സർക്കിളിന്റെ കീഴിൽ നടപ്പാക്കുന്ന പ്രവൃത്തിയിലൂടെ നീക്കം ചെയ്യുന്ന മണ്ണ് കരയിലേക്ക് ശേഖരിച്ചു വയ്ക്കുകയാണ് ചെയ്തുകൊണ്ടിരുന്നത്. ടി. പ്രവൃത്തി പൂർത്തീകരിച്ച് അഴിമുഖം തുറന്ന് തരാത്തതിനാൽ കടലിലേക്ക് ബാർജുകൾ പോവുന്നത് സാധ്യമല്ല. | പെരുന്തുരുത്തി നടപ്പാലം, വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എന്നിവയെക്കുറിച്ച് കരാർ ഒപ്പിടുന്നതിന് മുമ്പ് കരാറുകാരന് അറിവുണ്ടായിരുന്നു. പാലത്തിനടിയിലൂടെ ബാർജോ മറ്റ് മെഷിനറികളോ കടന്നുപോകുന്നതിന് തടസ്സമില്ല. ആയതിനാൽ പാലം പ്രവൃത്തിയെ ബാധിക്കില്ല.<br><br>ഹർജിയിൽ പരാമർശിച്ചിട്ടുള്ള ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തി 25/02/2022—ൽ എഗ്രിമെന്റ് വെച്ച് 2022 നവംബറിലാണ് ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി വളരെ ത്വരിതഗതിയിൽ നടന്നുവരികയാണ്. എന്നാൽ ഹർജിക്കാരൻ മുഖേന നടപ്പാക്കുന്ന പ്രവൃത്തിക്കായി 05/06/2020—ൽ സൈറ്റ് കൈമാറിയിട്ടുള്ളതും കരാർ പ്രകാരം 04/06/2021 —ന് മുൻപായി പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നതുമാണ്. ഇതേ പാതയിലൂടെ ഇതേ സാഹചര്യം നിലനിൽക്കേയാണ് ആദ്യകാലത്ത് ഡ്രഡ്ജ് ചെയ്തെടുത്ത 14995 ക്യൂബിക് മീറ്റർ സ്പോയിൽ കരാറുകാരൻ കടലിൽ നിക്ഷേപിച്ചിട്ടുള്ളത്. |
| പുഴയുടെ ആഴം കൂട്ടൽ അത്യാവശ്യം ആയതിനാൽ | ഡ്രെഡ്ജിംഗിലൂടെ നീക്കം ചെയ്യുന്ന |

| | |
|---|---|
| പുഴയുടെ ഇരുവശത്തുള്ള വസ്തു ഉടമകളുടെ അനുമതിയോടെ താൽക്കാലികമായി ഇരുകരയിലും മണ്ണ് ശേഖരിച്ചു വച്ചു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അനുമതി തന്നതിനാൽ പ്രവൃത്തി തുടരുകയുണ്ടായി. 22/08/2024ൽ ചീഫ് എൻജിനീയർ അടങ്ങുന്ന ഉദ്യോഗസ്ഥ സംഘം പ്രവൃത്തി സ്ഥലം സന്ദർശിച്ച് പ്രവൃത്തി വിലയിരുത്തുകയും പ്രസ്തുത പുഴയിൽ നിന്നും നീക്കം ചെയ്യുന്ന മണ്ണ് ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് NHAI ക്ക് ഉപകരിക്കും എങ്കിൽ അതിന്മേൽ അനുമതിക്ക് വേണ്ടി വിശദമായ റിപ്പോർ ട്ട് സർ ക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. സർക്കാരിൽ നിന്നും മണ്ണ് സംബന്ധമായ അനുമതി ലഭ്യമാകുവാൻ താമസം വരുന്നതിനാൽ പ്രവൃത്തിയുടെ കരാർ കാലാവധി നീട്ടി തരുന്നതിന് 05/04/2025 നും 05/05/2025 നും അപേക്ഷകൾ സമർപ്പിച്ചിരുന്നു. ചെയ്ത പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുവാനും, ബില്ലുകൾ തയ്യാറാക്കുവാനും യഥാവിധി ഉദ്യോഗസ്ഥരോട് നിരന്തരം ആവശ്യപ്പെട്ടിട്ടും CTE-ക്ക് റിപ്പോർട്ട് ചെയ്യുവാനോ, ബില്ലുകൾ തയ്യാറാക്കുവാനോ കരാർ അതോറിറ്റി ഉൾപ്പെടെ ഉള്ളവർ തയ്യാറായില്ല. എന്നാൽ ഇവരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് മുഴുവൻ വർക്കും പൂർത്തീകരിച്ചത്. മണ്ണ് നീക്കം ചെയ്ത് ആഴം കൂട്ടിയ ഭാഗങ്ങളിൽ ശക്തമായ മഴക്കാലത്തും വേലിയേറ്റവും വേലിയിറക്ക സമയത്തും വീണ്ടും വീണ്ടും മണ്ണ് അടിഞ്ഞു കൂടി ചെയ്ത പ്രവൃത്തിയുടെ അളവുകൾ നഷ്ടപ്പെടാതിരിക്കാനാണ് യഥാസമയം അളവുകൾ എടുക്കാൻ ആവശ്യപ്പെട്ടിരുന്നത്. കാലാവസ്ഥ വ്യതിയാനം മൂലം കനത്ത മഴയും വെള്ളപാച്ചിലും ആണ് ഉണ്ടായി കൊണ്ടിരിക്കുന്നതെന്നതിനാൽ അത് മൂലമുള്ള മണ്ണ് ഒലിച്ച് വരൽ ശക്തി പറഞ്ഞ് അറിയിക്കേണ്ടതില്ല.<br><br>പ്രസ്തുത പ്രവൃത്തിയുടെ കരാർ നഷ്ടോത്തരവാദിത്വത്തിൽ റദ്ദാക്കിയ നടപടി പുനഃപരിശോധിച്ച് ഒറിജിനൽ കരാർ തുകക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിനും, കടലിൽ കൊണ്ടുപോയി കളയാൻ തടസ്സങ്ങൾ ഉള്ളതിനാൽ കരയിലേക്ക് താൽക്കാലികമായി ശേഖരിച്ച് വച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനും അനുമതി | മണ്ണ് പുഴയോരങ്ങളിൽ താൽക്കാലികമായി നിക്ഷേപിക്കാനും പിന്നീട് കടലിൽ കൊണ്ടുപോയി തള്ളാനും കരാറിൽ വ്യവസ്ഥയുണ്ടായിരുന്നു. ഇതിനായി പ്രത്യേക അനുമതിയുടെ ആവശ്യമില്ല. കരാറുകാരൻ മണ്ണ് തീരത്ത് നിക്ഷേപിച്ചതല്ലാതെ, അത് കടലിലേക്ക് മാറ്റി നിക്ഷേപിക്കാൻ തയ്യാറായില്ല.<br><br>പ്രവൃത്തി ത്വരിതഗതിയിൽ പൂർത്തീകരിക്കണമെന്ന ഉദ്ദേശ്യത്തിലാണ് ഡ്രെഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ NH-66ന്റെ നിർമ്മാണത്തിന് നല്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. ടി അനുമതിക്ക് കാത്ത് നിൽക്കാതെ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.<br><br>പ്രവൃത്തിയുടെ 20% ജോലി മാത്രമേ കരാറുകാരൻ നിലവിൽ പൂർത്തിയാക്കിയിട്ടുള്ളൂ. 240 കോൺക്രീറ്റ് പൈലുകൾ ഉള്ളതിൽ118 എണ്ണം മാത്രം കാസ്റ്റ് ചെയ്യുകയും 50 എണ്ണം മാത്രം സ്ഥാപിക്കുകയുമാണ് കരാറുകാരൻ ചെയ്തിട്ടുള്ളത്. കരാറിലെ പ്രധാന ഇനം ഡ്രെഡ്ജിംഗ് ആണ്. നിലവിൽ പൂർത്തീകരിച്ചിട്ടുള്ള ജോലികൾക്കായി 1st partbill പ്രകാരം 47,81,283 രൂപ 24.01.2025-ൽ കരാറുകാരന് നൽകിയിട്ടുണ്ട്.<br><br>പ്രവൃത്തി വൈകുന്നതിന് കരാറുകാരൻ നിരത്തുന്ന കാരണങ്ങൾ അംഗീകരിക്കാൻ കഴിയാത്തതും കരാർ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. പ്രവൃത്തിയെ ബാധിക്കുന്ന തരത്തിൽ പ്രവൃത്തി സ്ഥലത്ത് തടസ്സങ്ങളില്ല. നിരവധി തവണ നോട്ടീസ് നല്കി ആവശ്യപ്പെട്ടിട്ടും ഡ്രഡ്ജിംഗ് പുനരാരംഭിക്കാനോ പ്രവൃത്തി പൂർത്തിയാക്കാനോ കരാറുകാരൻ തയ്യാറായിട്ടില്ല. പ്രവൃത്തിയുടെ അന്തിമ പൂർത്തീകരണ കാലാവധി 31.05.2025 ന് കഴിഞ്ഞതിനാലും പ്രോഗ്രാം ചാർട്ട് പ്രകാരമുള്ള പുരോഗതി കൈവരിക്കാൻ കരാറുകാരന് സാധിക്കാത്ത സാഹചര്യത്തിലുമാണ് കരാർ വ്യവസ്ഥകൾ പ്രകാരം കരാറുകാരന്റെ |

| | |
|---|---|
| തരണം. അനുമതി നല്കിയാൽ വകുപ്പ് നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് ഉറപ്പ് തരുന്നു. നാളിതുവരെ ചെയ്ത പ്രവൃത്തികളുടെ അളവ് എടുത്ത് ബില്ല് തയ്യാറാക്കി തരുവാനും അപേക്ഷിക്കുന്നു. | നഷ്ടോത്തരവാദിത്വത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടർ പ്രവൃത്തി ടെർമിനേറ്റ് ചെയ്തിട്ടുള്ളത്. |

4. ഹർജിക്കാരന്റെ ആവശ്യങ്ങളും ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ പ്രതിവാദങ്ങളും വിശദമായി പരിശോധിച്ചു. 05/06/2020—ൽ പ്രവൃത്തി സ്ഥലം കൈമാറി നല്കിയിട്ടുള്ളതിനാൽ കരാർ പ്രകാരം 365 ദിവസ കാലാവധിയായ 04/06/2021—ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നതാണ്. പ്രവൃത്തിയുടെ തുടക്കം കോവിഡ് മഹാമാരിയും അതുമായി ബന്ധപ്പെട്ട ലോക്ക്ഡൗണും ആയിരുന്നെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ടെങ്കിലും പിന്നീട് പ്രവൃത്തി പൂർത്തിയാക്കാൻ 03.03.2022 വരെ സമയം ദീർഘിപ്പിച്ചു നല്കിയിട്ടുള്ളതിനാൽ പ്രസ്തുത വാദത്തിന് പ്രസക്തിയില്ല. പെരുന്തുരുത്തി നടപ്പാലം, വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എന്നിവ പ്രവൃത്തി ഏർപ്പാടാക്കുന്നതിന് മുൻപെ പ്രസ്തുത സ്ഥലത്ത് നിലനിൽക്കുന്നവ ആയതിനാൽ കരാർ ഒപ്പിടുന്നതിന് മുന്നെ ഇത് സംബന്ധിച്ച് കരാറുകാരന് അറിവുണ്ടായിരുന്നുവെന്ന് കാണാവുന്നതും, ഇതേ പാതയിലൂടെ ഇതേ സാഹചര്യം നിലനിൽക്കേയാണ് ആദ്യകാലത്ത് ഡ്രഡ്ജ് ചെയ്തെടുത്ത 14995 ക്യുബിക് മീറ്റർ സ്പോയിൽ കരാറുകാരൻ കടലിൽ നിക്ഷേപിച്ചിട്ടുള്ളതെന്ന് ചീഫ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത നിർമ്മിതികൾ പ്രവൃത്തിയ്ക്ക് തടസ്സമാണെന്ന വാദം അംഗീകരിക്കാനാവില്ല. 2022 ൽ ടെർമിനേറ്റ് ചെയ്തപ്പോൾ ചീഫ് എഞ്ചിനീയർ കരാർ പുനഃസ്ഥാപിച്ച് 30.01.2023 വരെ കാലാവധി ദീർഘിപ്പിച്ച് നല്കിയിരുന്നതും, 2023 ൽ ടെർമിനേറ്റ് ചെയ്തപ്പോൾ ഹർജിക്കാരൻ വകുപ്പ് സെക്രട്ടറിക്ക് നല്കിയ ഹർജിയുടെയും ബഹു.ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ (സി) നം. 21142/2023 നമ്പർ കേസിലെ 03.07.2023 ലെ വിധിയുടെയും അടിസ്ഥാനത്തിൽ കരാർ പുനഃസ്ഥാപിച്ച് സമയം ദീർഘിപ്പിച്ച് നല്കിയിരുന്നു. ആദ്യ കരാർ പ്രകാരം 04/06/2021—ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിക്ക് കരാറുകാരന്റെ അഭ്യർത്ഥന പ്രകാരം വിവിധ ഘട്ടങ്ങളിലായി നീട്ടി നല്കിയ അന്തിമ പൂർത്തീകരണ കാലാവധി 31.05.2025 ൽ കഴിഞ്ഞിട്ടും പ്രോഗ്രാം ചാർട്ട് പ്രകാരമുള്ള പുരോഗതി കൈവരിക്കാൻ കരാറുകാരന് കഴിയാതിരുന്നതിനാലാണ് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടർ കരാർ ടെർമിനേറ്റ് ചെയ്തിട്ടുള്ളതെന്നതിനാൽ പ്രസ്തുത നടപടി പുനഃപരിശോധിക്കേണ്ടതില്ല. മേൽ സാഹചര്യത്തിൽ ഒരു വർഷം കാലാവധി നിശ്ചയിച്ചിരുന്ന പ്രവൃത്തി ആരംഭിച്ച് 5 വർഷം കഴിയുകയും മുൻപ് രണ്ട് തവണ ടെർമിനേഷൻ പിൻവലിച്ച് കാലാവധി നീട്ടി നല്കുകയും ചെയ്തിട്ടും പ്രവൃത്തി നടപ്പാക്കാൻ ശ്രമിക്കാതെ പ്രവൃത്തി കാലാവധി വീണ്ടും നീട്ടി നല്കണമെന്ന കരാറുകാരന്റെ ആവശ്യം പരിഗണനാർഹമല്ലെന്ന് കണ്ട് നിരസിച്ച് ഉത്തരവാകുന്നു. കരാറുകാരൻ നാളിതുവരെ ചെയ്ത പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തി ബാക്കിനിൽക്കുന്ന പ്രവൃത്തി കണക്കാക്കി നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ/ ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

5. മാനേജിംഗ് ഡയറക്ടർ, മിനാർടെക് ഡവലപ്പേഴ്സ് പ്രൈ. ലി. സമർപ്പിച്ച 20.11.2025 ലെ ഹർജി (Exhibit. P7) മേൽപ്പറഞ്ഞ പ്രകാരം തീർപ്പാക്കിക്കൊണ്ടും, റിട്ട് പെറ്റീഷൻ(സി) നം.47856/2025-ലെ

ബഹു.ഹൈക്കോടതിയുടെ 29/01/2026-ലെ വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം( ആമുഖ കത്ത് സഹിതം).

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ശ്രീവത്സം ബിൽഡിംഗ്, തത്തംപള്ളി പി.ഒ, ആലപ്പുഴ.

ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം പി.ഒ, കൊല്ലം.

മാനേജിംഗ് ഡയറക്ടർ, മിനാർടെക് ഡവലപ്പേഴ്സ് പ്രൈ. ലി., 268/C, എരുമേലിക്കര, കുമാരപുരം പി.ഒ, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരളം, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക വകുപ്പ് ( വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം.എ2/235/2025/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 10-04-2026 10:36:24

സെക്ഷൻ ഓഫീസർ